## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3418 24.06.2013-ൽ മറുപടി**

**<u>പോലീസ് സംരക്ഷണം നൽകുന്നതിനുള്ള മാനദണ്ഡം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പോലീസ് സംരക്ഷണം നൽകുന്ന വ്യക്തികളുടെ പേരുവിവര പട്ടിക ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്ത് പോലീസ് സംരക്ഷണം നൽകുന്ന വ്യക്തികളുടെ പേരുവിവരം സുരക്ഷാകാരണങ്ങളാൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| ബി) പോലീസ് സംരക്ഷണം നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ; അതിനായി എത്ര തുക ചെലവിടുന്നു എന്ന് വെളിപ്പെടുത്തുമോ ; | (ബി) സെക്യൂരിറ്റി റിവ്യൂ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലോ ബഹു. കോടതി/ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവുകളുടെ അടിസ്ഥാനത്തിലോ ആണ് വ്യക്തികൾക്ക് പോലീസ് സംരക്ഷണം നൽകിവരുന്നത്. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ പ്രാദേശികമായ കാരണങ്ങളാൽ ഏതെങ്കിലും വ്യക്തിയുടെ ജീവനോ സ്വത്തിനോ ഭീഷണിയുള്ള സന്ദർഭങ്ങളിൽ അത്തരം വ്യക്തികൾക്ക് പോലീസ് സംരക്ഷണം നൽകുകയും ആയത് സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി പരിഗണിച്ച ശേഷം സെക്യൂരിറ്റി റിവ്യൂ കമ്മിറ്റിയുടെ ശുപാർശയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ സംരക്ഷണം നൽകുന്നത് പോലീസ് ഡ്യൂട്ടിയുടെ ഭാഗമായതിനാൽ ഇതിനുവേണ്ടി വരുന്ന ചിലവുകൾ പ്രത്യേകമായി കണക്കാക്കാറില്ല. |
| സി) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണം നൽകുന്നവരുടെ പട്ടിക വെളിപ്പെടുത്തുമോ ; | (സി) സുരക്ഷാകാരണങ്ങളാൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| ഡി) പോലീസ് സംരക്ഷണത്തിനായി പണം അടച്ച് സംരക്ഷണത്തിൽ കഴിയുന്നവരുടെ പട്ടിക ലഭ്യമാക്കുമോ ; | ഡി) സംസ്ഥാനത്ത് പണം അടച്ച് പോലീസ് സംരക്ഷണത്തിൽ കഴിയുന്നവർ ആരും തന്നെയില്ല. |
| ഇ) 2013-ൽ പുതിയതായി ആർക്കൊക്കെ സംരക്ഷണം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഇ) സുരക്ഷാകാരണങ്ങളാൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |

| | | | |
|---|---|---|---|
| എഫ്) | പോലീസ് സംരക്ഷണം പിൻവലിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന ഉത്തരവുകൾ ലഭ്യമാക്കുമോ ; | എഫ്) & (ജി) | പോലീസ് സംരക്ഷണം പിൻവലിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ സെക്യൂരിറ്റി റിവ്യൂ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണം നൽകി/ പിൻവലിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| ജി) | പോലീസ് സംരക്ഷണം പിൻവലിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ